ടേസ്റ്റുകളും അജണ്ടകളും സോളിഡാരിറ്റി മുന്നോട്ട് വെക്കുന്നു. ഫിലിം ഫെസ്റ്റിവെലുകൾ സംഘടിപ്പിക്കുന്നു. ധാരാളം ജനസേവന പ്രവർത്തനങ്ങൾ നടത്തുന്നു. ആത്മസംസ്കരണ പ്രധാനമായ പരിപാടികൾ സംഘടിപ്പിക്കുന്നു. കൃഷി, കായിക മത്സരങ്ങൾ മുതലായവ ഏറ്റെടുത്ത് നടത്തുന്നു. വളരെ സമീകൃതമായ യൂത്ത് അജണ്ടയാണ് സോളിഡാരിറ്റി മുന്നോട്ട് വെക്കുന്നത്. സോളിഡാരിറ്റിയിൽ അണിനിരന്ന് ഈ അജണ്ടയുടെ ഭാഗഭാക്കായി തങ്ങളുടെ യൗവനത്തെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തി സമൂഹത്തിനും രാജ്യത്തിനും സേവനമർപ്പിക്കാൻ ചെറുപ്പക്കാർ സന്നദ്ധമാവണമെന്നാണ് സോളിഡാരിറ്റിക്ക് കേരളത്തിലെ ചെറുപ്പക്കാരോട് പറയാനുള്ളത്.

**യുവാക്കളുടെ ആത്മ സംസ്കരണത്തിന് സവിശേഷമായി എന്ത് വഴികളാണ് കാണുന്നത്?**

ഇസ്‌ലാമിക ആദർശത്തിൽ അടിയുറച്ച് മുന്നോട്ട് പോകുന്ന ഒരു യുവജന പ്രസ്ഥാനമെന്ന നിലക്ക് മുസ്‌ലിം ചെറുപ്പക്കാരുടെ ആത്മസംസ്കരണം സോളിഡാരിറ്റിയുടെ തുടക്കകാലം മുതലേയുള്ള പ്രധാനപ്പെട്ട പരിഗണനാ വിഷയമാണ്. സുന്നത്ത് നോമ്പുകൾ, ഇഫ്താർ പരിപാടികൾ, പ്രാർഥനാ പുസ്തകം, ഇഅ്തികാഫ് സംഗമങ്ങൾ, ജമാഅത്ത് നമസ്കാരം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ ഇങ്ങനെ നിരവധി പരിപാടികളിലൂടെ സോളിഡാരിറ്റി മുസ്‌ലിം ചെറുപ്പക്കാരെ കൂടുതൽ മതാഭിമുഖ്യമുള്ളവരാക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ യുവാക്കളെ ആത്മ സംസ്കരണം സിദ്ധിച്ചവരാക്കിത്തീർക്കാനുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിം സമൂഹത്തിൽ നിന്നും ചെറുപ്പക്കാർക്കിടയിൽ നിന്നും വലിയ പിന്തുണയാണ് സോളിഡാരിറ്റിക്ക് ഈ രംഗത്ത് ലഭിച്ചുകൊണ്ടിരിക്കുന്നത്.

■

കവിത

# മുഖം നഷ്ടപ്പെടുന്നവർ

▸ ജുസൈല ഉണ്ണി, കോട്ടോൽ



രാവിലെയെഴുന്നേറ്റപ്പോൾ
ഒരത്യാഹിതം സംഭവിച്ചു
എന്റെ മുഖം കാണാനില്ല.
കട്ടിലിന്നടിയിൽ തപ്പിനോക്കി,
കിട്ടിയില്ല
ഇന്നലെ വെള്ളം കോരുമ്പോഴെങ്ങാനും
താഴെ വീണിട്ടുണ്ടാകുമോ?
കിണറ്റിലോട്ട് എത്തി നോക്കി, കിട്ടിയില്ല.
അടിച്ചു വാരി എങ്ങോട്ടെങ്കിലും
കളഞ്ഞിട്ടുണ്ടാകും
അമ്മയോട് ചെന്ന് ദേഷ്യപ്പെട്ടു
അച്ഛനോട് ചെന്ന് തിരക്കി,
പറമ്പിലെങ്ങാനും കണ്ടിട്ടുണ്ടെങ്കിലോ
ഇനി ഞാൻ ആളുകളുടെ
മുഖത്തെങ്ങനെ നോക്കും
എന്റെ ക്രീമുകളും
ചായങ്ങളും വെറുതെയാകില്ലേ
ഇനിയെന്തിനാ എനിയ്ക്കീ കണ്ണാടി
തല്ലിയുടച്ചു കളയാം
ഹായ്!
എനിയ്ക്കെന്റെ മുഖം തിരിച്ചു കിട്ടി
ഇന്നലെ കണ്ണാടി നോക്കിയപ്പോൾ
എടുക്കാൻ മറന്നതാണ്.

■

# വാക്ക്

▸ നെജീർ വെള്ളാങ്കല്ലൂർ

എത്ര
വെള്ളമൊഴിച്ചിട്ടും
അണയാതെ
ചാരങ്ങൾക്കടിയിൽ
എരിയുന്ന
കനൽ!

■

തുടരുകയും യുദ്ധമെന്നത് സ്റ്റേറ്റിന്റെ ധർമമായി തന്നെ പരിണമിക്കുകയും ചെയ്തിരിക്കുന്നു.

യുദ്ധവും ആക്രമണവും ബോംബ് വർഷങ്ങളും ഡ്രോൺ ആക്രമണങ്ങൾ വഴിയുള്ള കൂട്ടക്കുരുതികളും നിത്യസംഭവങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. *വാൾസ്ട്രീറ്റ് ജേർണൽ* ഒരു പഠനത്തിൽ ചൂണ്ടിക്കാട്ടിയത് പോലെ അധിനിവേശാക്രമണങ്ങളിപ്പോൾ കാമ്പയിനുകളായി രൂപാന്തരപ്പെടുത്തി ഭരണനേട്ടമായി കൊട്ടിഘോഷിക്കപ്പെടുകയും കൊണ്ടാടുകയും ചെയ്യുകയാണ്.

പ്രതിരോധ മേഖലയിൽ വാഷിംഗ്ടൺ ചെലവഴിച്ചുവരുന്നത് ബില്യൺ കണക്കിന് ഡോളറുകളാണ്. അമേരിക്കൻ ബജറ്റിൽ വിദേശ നയത്തിന്റെ ഭാഗമായി സൈനിക ചെലവുകൾക്കായി നീക്കിവെച്ചത് 627 ബില്യൻ ഡോളറാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 'സമാധാനം നിലനിർത്താൻ' നടത്തിവരുന്ന യുദ്ധങ്ങളിലൂടെ പൊലിഞ്ഞുപോവുന്ന സാധാരണക്കാരുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരികയാണ്. അമേരിക്ക സ്വപ്നം കാണുന്ന സമാധാനം ആസ്വദിക്കാൻ അധിനിവിഷ്ട രാജ്യങ്ങളിൽ മനുഷ്യ ജീവികൾ ഇല്ലാതെ പോകുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. സഖ്യസേനയുടെ ആക്രമണത്തിൽ മരിച്ചുവീണ സാധാരണക്കാരുടെ എണ്ണം ഇറാഖിൽ 149,061 ലധികം വരുമെന്ന് ഇറാഖ് ബോഡികൗണ്ട് പോലുള്ള സംഘടനകൾ വ്യക്തമാക്കുകയുണ്ടായി. അധിനിവേശാക്രമണങ്ങളുടെയും ആഭ്യന്തര കലഹങ്ങളുടെയും ഫലമായി ഇറാഖിൽ നിന്നും സിറിയയിൽ നിന്നും 13.6 മില്യണിലധികം പേർ അഭയാർഥികളായിത്തീർന്നതായി യു.എൻ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നു.

ഭീകരവാദവും തീവ്രവാദവും എതിർക്കപ്പെടേണ്ടതുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ അവയെ നേരിടേണ്ട രീതിശാസ്ത്രത്തെ കുറിച്ച് പുതിയ വിശകലനങ്ങൾ അനിവാര്യമായിരിക്കുന്നു. അല്ലെങ്കിൽ മരിച്ചുവീഴുന്ന നിരപരാധികളുടെയും അഭയാർഥികളുടെയും എണ്ണം ക്രമാതീതമായി ഉയരുമെന്ന് തീർച്ച.

■

കവിത



# അന്ത്യശ്വാസത്തിനു മുമ്പത്തെ നിമിഷം

▸ അജ്മൽ മമ്പാട്

**ക**ടലിനറിയില്ലല്ലോ
ഓളപ്പരപ്പിലൂടെ
വലവീശിവരുന്നതാരെന്ന്
എന്നിട്ടുമെന്നിട്ടും
നിറഞ്ഞുകവിഞ്ഞ് നിൽക്കുന്നു
തീരത്തേക്ക്,
ചാകരനിറച്ച് തുഴയെറിയാൻ.

വയലുകൾക്കറിയില്ലല്ലോ
പാകമായ കതിർമണികൾ
ആരുടെ വിശപ്പ്
തല്ലിക്കെടുത്താനാണ്
ചാക്കുകേറി പോവുന്നതെന്ന്
എന്നിട്ടുമെന്നിട്ടും
വെയിലേറ്റ്
പരന്നു കിടക്കുന്നു.

കുഴലുകൾക്കറിയില്ലല്ലോ
മണ്ണിനടിയിലെ
നീണ്ടുവളഞ്ഞ ഞരമ്പുകളിലൂടെ
ഏതു നാളിലാണ്
ഒഴുക്കുണ്ടാവുന്നതെന്ന്
എന്നിട്ടുമെന്നിട്ടും
ഉണങ്ങിവരണ്ട് കിടക്കുന്നു
ദാഹിച്ചവന്റെ തൊണ്ട നനക്കാൻ.

മരങ്ങൾക്കറിയില്ലല്ലോ
ആരാണ്
മൂർദ്ധാവിലേക്ക്
കല്ലെറിയാൻ വരുന്നതെന്ന്
എന്നിട്ടുമെന്നിട്ടും
പഴുത്ത് തലയുയർത്തി നിൽക്കുന്നു
കൊതിച്ചവന്റെ വയറു നിറക്കാൻ.

ചിതലുകൾക്കറിയില്ലല്ലോ
ഉയർത്തിമെനഞ്ഞ മൺകൂനകൾ
ഏത് വികൃതിച്ചെറുക്കന്റെ
കാൽ തട്ടിയാണ്
പൊടിഞ്ഞു വീഴുന്നതെന്ന്
എന്നിട്ടുമെന്നിട്ടും
രാപ്പകലുകൾ കെട്ടിയുണ്ടാക്കുന്നു.

കറവപ്പശുക്കൾക്കറിയില്ലല്ലോ
പുലർക്കാല യാമങ്ങളിൽ
കറന്നെടുത്ത പാൽ
ഏത് ചായക്കടയിലേക്കാണ്
ലോറി കേറിപ്പോവുന്നതെന്ന്
എന്നിട്ടുമെന്നിട്ടും
നിഷേധമില്ലാതെ പാൽചുരത്തുന്നു.

അമ്മമാർക്കറിയില്ലല്ലോ
ഗർഭം ധരിച്ചതിൽ
നന്ദികെട്ടതും കെടാത്തതും
ഏതൊക്കെയെന്ന്
എന്നിട്ടുമെന്നിട്ടും
മാസങ്ങളോളം ഏറ്റിയേറ്റി
എല്ലുറുങ്ങി പെറ്റുകൂട്ടുന്നു.

മനുഷ്യൻ അറിയില്ലല്ലോ
അന്ത്യശ്വാസത്തിനു
തൊട്ടുമുമ്പത്തെ
കർമമെന്തെന്ന്
എന്നിട്ടുമെന്നിട്ടും
സ്വർഗക്കോപ്പകൾ മാടിവിളിക്കുമ്പോഴും
അവൻ കയ്പുനീർ
പിഴിഞ്ഞിരിക്കുന്നു.

●